**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5199** **21-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ വിതരണം കാര്യക്ഷമമാക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ആഴ്ചചന്തകൾ, നഗര വഴിയോരച്ചന്തകൾ, ഗ്രാമച്ചന്തകൾ, പ്രീമിയം ഔട്ട് ലെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്ന 1924 മാർക്കറ്റുകളുടെ വിപുലമായ ഒരു ശൃംഖല പ്രവർത്തന സജ്ജമാക്കുകയും, ഉൽപ്പാദന കേന്ദ്രങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, നഗര കേന്ദ്രങ്ങൾ ഉൾപ്പടെ, ഉൽപ്പന്നങ്ങൾ ദുർലഭമായ പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ കർഷകരുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനായി വി.എഫ്.പി.സി.കെ യുടെ കീഴിൽ 295 സ്വാശ്രയകർഷക സമിതികളും, 63 തളിർ-ഗ്രീൻ ഔട്ട് ലെറ്റുകളും 45 സസ്യ ഔട്ട് ലൈറ്റുകളും, 1 തളിർ സൂപ്പർമാർക്കറ്റും പ്രവർത്തിക്കുന്നു. പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ കർഷകരിൽ നിന്നും ശേഖരിക്കുന്നതിനും ന്യായമായ വിലയിൽ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും HORTICORP വഴി പ്രത്യേക സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഹോർട്ടികോർപ്പിന് കീഴിൽ 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും 78 സ്വന്തം സ്റ്റാളുകളും 192ലൈസൻസി സ്റ്റാളുകളും 7 മൊബൈൽ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. വിപണിയിൽ ഇടപെടുന്നതിന് HORTICORP -ന് |

| | | | |
|---|---|---|---|
| | | | സർക്കാർ പ്രത്യേക ധനസഹായം അനുവദിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ കാർഷിക ഉത്പന്നങ്ങൾക്കും, അതിൽ നിന്നുണ്ടാകുന്ന മൂല്യ വർധിത ഉത്പന്നങ്ങൾക്കും ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും, അത് വഴി കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് രാജ്യ വ്യാപകമായി വിപണി കണ്ടെത്തുന്നതിനും, കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും, ലക്ഷ്യമിട്ട് "കേരളഗ്രോ'' എന്ന പേരിൽ ഒരു ട്രേഡ്മാർക് രജിസ്റ്റർ ചെയ്ത്, "കേരളഗ്രോ'' ബ്രാൻഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇത്തരത്തിൽ ബ്രാൻഡ് ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ, നിലവിലുള്ള മാർക്കറ്റ് ശൃംഖല വഴിയും, പുതുതായി ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ വഴി നേരിട്ടും, താല്പര്യമുള്ള സംരംഭകർക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പഞ്ചായത്ത് തോറും നിലവിലുള്ള കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ആഴ്ചചന്തകൾ, നഗര വഴിയോരച്ചന്തകൾ, ഗ്രാമച്ചന്തകൾ, പ്രീമിയം ഔട്ട് ലെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്ന 1924 മാർക്കറ്റുകളുടെ വിപുലമായ ഒരു ശൃംഖല പ്രവർത്തന സജ്ജമാക്കുകയും, ഉൽപ്പാദന കേന്ദ്രങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, നഗര കേന്ദ്രങ്ങൾ ഉൾപ്പടെ, ഉൽപ്പന്നങ്ങൾ ദുർലഭമായ പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ കർഷകരുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനായി വി.എഫ്.പി.സി.കെ യുടെ കീഴിൽ 295 സ്വാശ്രയകർഷക സമിതികളും, 63 തളിർ-ഗ്രീൻ ഔട്ട് ലെറ്റുകളും 45 സസ്യ ഔട്ട് ലൈറ്റുകളും, 1 തളിർ |

| | | | |
|---|---|---|---|
| | | | സൂപ്പർമാർക്കറ്റും പ്രവർത്തിക്കുന്നു. പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ കർഷകരിൽ നിന്നും ശേഖരിക്കുന്നതിനും ന്യായമായ വിലയിൽ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും HORTICORP വഴി പ്രത്യേക സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഹോർട്ടികോർപ്പിന് കീഴിൽ 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും 78 സ്വന്തം സ്റ്റാളുകളും 192ലൈസൻസി സ്റ്റാളുകളും 7 മൊബൈൽ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. വിപണിയിൽ ഇടപെടുന്നതിന് HORTICORP -ന് സർക്കാർ പ്രത്യേക ധനസഹായം അനുവദിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ കാർഷിക ഉത്പന്നങ്ങൾക്കും, അതിൽ നിന്നുണ്ടാകുന്ന മൂല്യ വർധിത ഉത്പന്നങ്ങൾക്കും ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും, അത് വഴി കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് രാജ്യ വ്യാപകമായി വിപണി കണ്ടെത്തുന്നതിനും, കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും, ലക്ഷ്യമിട്ട് "കേരളഗ്രോ'' എന്ന പേരിൽ ഒരു ട്രേഡ്മാർക് രജിസ്റ്റർ ചെയ്ത്, "കേരളഗ്രോ'' ബ്രാൻഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇത്തരത്തിൽ ബ്രാൻഡ് ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ, നിലവിലുള്ള മാർക്കറ്റ് ശൃംഖല വഴിയും, പുതുതായി ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ വഴി നേരിട്ടും, താല്പര്യമുള്ള സംരംഭകർക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും ഉണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ